കിളിക്കൊഞ്ചൽ... കോട്ടയം നാഗമ്പടം ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്നലെ ആരംഭിച്ച അലങ്കാരപ്പക്ഷികളും അപൂർവ്വ ഇനം ജീവികളും അടങ്ങിയ പെറ്റ് ഷോ കാണാനെത്തിയ കുടുംബം പഞ്ചവർണ തത്തയെ കൈയിലെടുത്തപ്പോൾ. -ജോൺ മാത്യു.

വികസന പ്രതീക്ഷയിൽ കോട്ടയം പോർട്ട്

മിഷൻ സമുദ്ര, കേന്ദ്ര മാരിടൈം

കോട്ടയം: സംസ്ഥാന ബജറ്റിലെ മിഷൻ സമുദ്ര പ്രഖ്യാപനവും തുറമുഖ വകുപ്പിന്റെ കേന്ദ്ര മാരിടൈം വകുപ്പിനു കീഴിലേക്കുള്ള മാറ്റവും കോട്ടയത്തിന്റെ നാട്ടകം തുറമുഖത്തിനു നേട്ടമാകും. ഗേറ്റ് വേ തുറമുഖമായ വിഴിഞ്ഞത്തുനിന്നു കരമാർഗമുള്ള ചരക്കുനീക്കം ആരംഭിക്കാനൊരുങ്ങുന്നതും കൂടുതൽ നേട്ടമാകും.

കടൽ ഇല്ലാത്ത കോട്ടയത്തെ തുറമുഖത്തിന് ഇതു വലിയ വികസന പ്രതീക്ഷകളാണ് നൽകുന്നത്. ഒപ്പം കോട്ടയത്തിന്റെ വ്യവസായ വാണിജ്യ കാർഷിക മേഖലയ്ക്കും ഉണർവേകും. കരമാർഗമുള്ള ചരക്കു നീക്കത്തിന് കസ്റ്റംസ് ഫ്രെയിറ്റ് സ്റ്റേഷനു (സിഎഫ്എസ്) കളിലെ ക്ലിയറൻസ് അത്യാവശ്യമാണ്. വിഴിഞ്ഞത്ത് ഈ സൗകര്യമില്ല. എന്നാൽ, 15 വർഷത്തിലധികമായി പ്രവർത്തിക്കുന്ന നാട്ടകം തുറമുഖം ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോ ആയതിനാൽ ക്ലിയറൻസ് സംവിധാനമുണ്ട്. ഇത് നേട്ടമാകുമെന്നും കോട്ടയം തുറമുഖം ജനറൽ മാനേജർ കെ. എൻ. രൂപേഷ് ബാബു പറഞ്ഞു.

നിലവിൽ ഈ പ്രദേശത്തുനിന്നു കരമാർഗമുള്ള ചരക്കുനീക്കം നടക്കുന്നത് കൊച്ചി തുറമുഖം വഴിയാണ്. പക്ഷേ, കൊച്ചിയിൽനിന്നു ചരക്കുകൾ കൊളംബോയിൽ എത്തിച്ച് അവിടെനിന്നും മദർഷിപ്പുകളിലേക്കു മാറ്റിയതിനുശേഷമേ വിദേശ രാജ്യങ്ങളിലേക്കുള്ള ചരക്കുനീക്കം നടക്കൂ. അത് ചെലവേറിയതും ഏറെ ദിവസങ്ങളെടുക്കുന്ന പ്രക്രിയയുമാണ്.

എന്നാൽ, വടക്കൻ കേരളത്തിൽനിന്നു കോട്ടയം, ഇടുക്കി ഹൈറേഞ്ച് മേഖലകളിൽ നിന്നുമുള്ള ഭക്ഷ്യോത്പന്നങ്ങളടക്കമുള്ള ചരക്കുകൾ കോട്ടയം വഴിയാകുമ്പോൾ കസ്റ്റംസ് ക്ലിയറൻസ് ലഭിച്ചാൽ വിഴിഞ്ഞത്തെത്തി നേരിട്ട് മദർഷിപ്പുകൾ വഴി വിദേശത്തേക്ക് അയയ്ക്കാം. ഇത് ചെലവു കുറയ്ക്കുന്നതിനൊപ്പം ഭക്ഷ്യോത്പന്നങ്ങളുടെ ഷെൽഫ് ലൈഫ് കൂടുതൽ ലഭിക്കാനും സഹായിക്കും.

എത്രയും വേഗം കരമാർഗമുള്ള ചരക്കുനീക്കം വിഴിഞ്ഞത്തേക്ക് നടപ്പിലാക്കാനുള്ള നീക്കം നടക്കുന്നതായി രൂപേഷ് ബാബു പറഞ്ഞു. അതിനായി വിഴിഞ്ഞം പോർട്ടിന് അരികെ വീതിയേറിയ റോഡുകളുടെ നിർമാണം ഏകദേശം പൂർത്തിയായി. പുതിയ മംഗലാപുരം-കന്യാകുമാരി ദേശീയ പാതയുമായി ഇത് ബന്ധിപ്പിച്ചിട്ടുണ്ട്.

കണ്ടെയ്നർ സ്കാനറും സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ചരക്കു നീക്കത്തിൽ പാലിക്കപ്പെടേണ്ട നടപടികൾ എന്നതു സംബന്ധിച്ച ഒരു പബ്ലിക് നോട്ടീസ് കസ്റ്റംസ് പുറത്തിറക്കേണ്ടതുണ്ട്, അതു തയാറാക്കുന്ന ജോലികൾ പൂർത്തിയായതായി കസ്റ്റംസ് കമ്മീഷണർ ടി. ടിജു കഴിഞ്ഞ ദിവസം നടന്ന യോഗത്തിൽ അറിയച്ചു. അതിനായി വിഴിഞ്ഞം തുറമുഖ അധികൃതർ ഗേറ്റ് ഓപ്പൺ ചെയ്യുന്ന ഡേറ്റ് പ്രഖ്യാപിക്കണം.

ബ്ലൂ ഇക്കണോമിയുടെ ഭാഗമായി തൃക്കുന്നപ്പുഴ വഴി വിഴിഞ്ഞവുമായി കോട്ടയം തുറമുഖത്തെ ബന്ധിപ്പിക്കുന്നതടക്കമുള്ള ജലപാത വികസനവും കടലിലും കായലിലും സഞ്ചരിക്കാനനുയോജ്യമായ ബാർജുകൾ എന്നിവയും പരിഗണനയിലാണെന്നും രൂപേഷ് ബാബു പറഞ്ഞു.

നിലവിൽ കോട്ടയത്തു നിന്നും കൊച്ചി, തൂത്തുക്കുടി, മുംബൈ, ചെന്നൈ തുടങ്ങിയ തുറമുഖങ്ങളിലേക്കെല്ലാം ചരക്കു നീക്കം നടത്തുന്നുണ്ട്.

കോട്ടയം പോർട്ട്. -ദീപിക

പാലാ നഗരസഭ: യുഡിഎഫിൽ പ്രതിസന്ധി തുടരുന്നു

കോൺഗ്രസ് കൗൺസിലർമാരെ അനുനയിപ്പിക്കാൻ തിരക്കിട്ട ചർച്ചകൾ

കോട്ടയം: പാലാ നഗരസഭയിലെ യുഡിഎഫ് ഭരണസമിതിക്കുള്ളിലെ തർക്കം പരിഹരിക്കാനാകാതെ വലഞ്ഞ് നേതൃത്വം. പ്രതിപക്ഷം അവിശ്വാസം കൊണ്ടുവന്നിട്ടും കോൺഗ്രസ് കൗൺസിലർമാരെ അനുനയിപ്പിക്കാൻ നേതൃത്വത്തിന് സാധിച്ചിട്ടില്ല. ഇതിനിടയിൽ നിലവിലെ ഭരണസമിതിക്കെതിരേ പ്രമേയം പാസാക്കിയതിൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റിക്കെതിരേ ഫ്രാൻസിസ് ജോർജ് എംപിയും രംഗത്ത് വന്നു.

ഭരണസ്തംഭനം ചൂണ്ടിക്കാട്ടിയാണ് അവിശ്വാസം കൊണ്ടുവന്നതെങ്കിലും എൽഡിഎഫിന്റെ ലക്ഷ്യം ഭരണം പിടിക്കുക എന്നതുതന്നെയാണ്. എന്നാൽ, പ്രശ്നം അതിരൂക്ഷമായിട്ടും അത് പരിഹരിക്കാൻ ഇതുവരെ യുഡിഎഫ് നേതൃത്വത്തിന് സാധിച്ചിട്ടില്ല. കോൺഗ്രസ് പാസാക്കിയ ഭരണവിരുദ്ധ പ്രമേയമാണ് ഇതിന് വിലങ്ങുതടിയായതെന്നാണ് സൂചന. അവിശ്വാസം ചർച്ചയ്ക്ക് വന്നാൽ കോൺഗ്രസ് കൗൺസിലർമാർ പിന്തുണച്ചേക്കുമെന്നാണ് സൂചന. പിന്തുണ നേരത്തെതന്നെ പിൻവലിച്ചതാണെന്നാണ് കോൺഗ്രസ് കൗൺസിലർമാർ പറയുന്നത്.

കൗൺസിലർമാർ കടുത്ത നിലപാട് സ്വീകരിക്കുന്നതിനാൽ കെപിസിസി എന്ത് നിലപാട് സ്വീകരിക്കുമെന്നാണ് ഇനി അറിയേണ്ടത്. ഡിസിസി നേതൃത്വം കെപിസിസി നേതൃത്വവുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. അടുത്ത ദിവസങ്ങളിൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടായേക്കും. ഇതു സംബന്ധിച്ച് ഇന്നലെ രാത്രി മുതൽ നേതാക്കൾ തിരക്കിട്ട ചർച്ചകളിലാണ്.

പാലാ നഗരസഭയിലെ ആകെ അംഗസംഖ്യ 26 ആയതിനാൽ അവിശ്വാസ പ്രമേയം പാസാക്കാൻ കുറഞ്ഞത് 14 വോട്ടു വേണം. നഗരസഭയിൽ പ്രതിപക്ഷത്തിന്റെ അംഗസംഖ്യ 12 ആണ്. ഭരണപക്ഷത്തിന്റെ അംഗസംഖ്യ 14 ഉം. സ്വന്തം മുന്നണിയിലെ ചെയർപേഴ്സണെതിരെ അവിശ്വാസം പരസ്യമായി പറഞ്ഞ ആറു കോൺഗ്രസ് അംഗങ്ങളിൽ ഒരാൾ പിന്തുണച്ചാൽ മാത്രമേ അവിശ്വാസം പാസാകൂ.

ഇതൊഴിവാക്കാനാണ് കോൺഗ്രസ് നേതൃത്വം ഇപ്പോൾ തിരക്കിട്ട നീക്കങ്ങൾ നടത്തുന്നത്. അടുത്ത ദിവസം ആറു കൗൺസിലർമാരുമായി ജില്ലാ സംസ്ഥാന നേതാക്കൾ ചർച്ച നടത്തുമെന്നാണ് സൂചന.

പാലായിൽ ഭരണമാറ്റം ഉണ്ടാവില്ല: ഫ്രാൻസിസ് ജോർജ് എംപി

പാലാ: നഗരസഭയിലെ പ്രശ്ങ്ങൾ പരിഹരിക്കുമെന്നും പാലായിൽ ഭരണമാറ്റം ഉണ്ടാവുകയില്ലെന്നും ഫ്രാൻസിസ് ജോർജ് എംപി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

പാലാ നഗരഭരണം യുഡിഎഫിനെ ഏൽപ്പിച്ചത് പാലായിലെ സാധാരണക്കാരായ ജനങ്ങളാണ്. അവരുടെ മനസിന് മുറിവേൽപ്പിക്കുന്ന ഒരു നടപടിയും യുഡിഎഫ് സ്വീകരിക്കില്ല. അല്ലറചില്ലറ അഭിപ്രായവ്യത്യാസങ്ങളൊക്കെ സ്വാഭാവികമാണ്. പലരും പുതുതായി കൗൺസിലിലേക്ക് വന്നതിനാൽ അതിന്റേതായ പരിചയക്കുറവും ഉണ്ടാവാം. എന്നാൽ ഇക്കാര്യങ്ങളൊന്നും പ്രതിപക്ഷം കൊണ്ടുവരുന്ന അവിശ്വാസം വിജയിക്കുന്നതിന് കാരണമാകുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഒച്ചിനെ തുരത്താം

നിർദേശങ്ങളുമായി കുമരകം കൃഷി വിജ്ഞാനകേന്ദ്രം

കോട്ടയം: ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷമായി. ഉപ്പും തുരിശുവെള്ളവും ഉപയോഗിച്ചാണു പലരും ഒച്ചുകളെ ഒരു പരിധിവരെ പ്രതിരോധിക്കുന്നത്. ഒച്ചു ശല്യം നിയന്ത്രിക്കാൻ കുമരകം കൃഷി വിജ്ഞാന കേന്ദ്രം കർഷകർക്കു നല്കുന്ന നിർദേശങ്ങൾ:

തോട്ടങ്ങളിലെ ശുചിത്വം

നനവുള്ളതും തണലുള്ളതുമായ സ്ഥലങ്ങളിലാണ് ഒച്ചുകൾ കൂട്ടത്തോടെ ഉണ്ടാവുക. പരിപാലിക്കപ്പെടാത്ത കൃഷിയിടങ്ങൾ ഒച്ചുകളുടെ വംശവർധനയ്ക്ക് അനുയോജ്യമാണ്. ഇത്തരം പ്രദേശങ്ങളിൽ സൂര്യപ്രകാശം നന്നായി കടന്നുവരത്തക്ക വിധം കാടുകൾ വെട്ടിത്തെളിക്കണം.

ശേഖരിച്ച് നശിപ്പിക്കുക

ഒച്ചുകളെ ശേഖരിച്ച് ഉപ്പുവെള്ളത്തിൽ (100-250 ഗ്രാം /1 ലിറ്റർ) ഇട്ടോ അഞ്ചു ശതമാനം തുരിശ് ലായനിയിൽ (50 ഗ്രാം / 1 ലിറ്റർ) ഇട്ടോ നശിപ്പിക്കണം. കാബേജ് ഇലകൾ, പപ്പായ ഇലകൾ, പപ്പായ തണ്ട്, മുരിങ്ങയില എന്നിവയിലേതെങ്കിലും ഒരു നനഞ്ഞ ചണച്ചാക്കിലാക്കി പുളിപ്പിച്ചതിനുശേഷം അതിലേക്ക് ആകർഷിക്കപ്പെടുന്ന ഒച്ചുകളെ അതിരാവിലെ ശേഖരിച്ച് ഉപ്പുവെള്ളം അല്ലെങ്കിൽ തുരിശ് ലായനി ഉപയോഗിച്ചു നശിപ്പിക്കണം.

മൺചട്ടിയിൽ 500 ഗ്രാം ഗോതമ്പുപൊടി, 200 ഗ്രാം ശർക്കര, അഞ്ച് ഗ്രാം യീസ്റ്റ്, 25 ഗ്രാം തുരിശ് എന്നിവ കുറച്ചു വെള്ളം ചേർത്തിളക്കി ഒരു ദിവസം സൂക്ഷിച്ചു പുളിപ്പിച്ചതിനുശേഷം കെണിയായി വയ്ക്കാം. ഒച്ചുകൾ ഈ കെണികളിലേക്ക് ആകർഷിക്കപ്പെട്ടു ചത്തുപോകും.

മണ്ണിൽ ഒരടി ആഴത്തിൽ കുഴിയെടുത്ത് അതിൽ പുളിപ്പിച്ച പൈനാപ്പിൾ, പഴം, പപ്പായ എന്നിവയുടെ അവശിഷ്ടങ്ങളും ശർക്കരയും യീസ്റ്റും ചേർത്ത് ഇട്ടുകൊടുത്താൽ ഒച്ചുകൾ കുഴിയിലേക്ക് ആകർഷിക്കും. രാവിലെ കുഴിയിൽ തുരിശിട്ട് ഒച്ചുകളെ നശിപ്പിക്കാം.

കൃഷികൾക്കു ചുറ്റുമായി പുകയിലപ്പൊടി, തുരിശുപൊടി, ബോറാക്സ് പൗഡർ, ബ്ലീച്ചിംഗ് പൗഡർ, കുമ്മായം തുടങ്ങിയവ വിതറിയിട്ടും ഒച്ചുകളെ അകറ്റാം.

ചെടികൾക്കു ചുറ്റും നനയാത്ത അറക്കപ്പൊടി, ചാരം, കുമ്മായം, തുരിശ്, സൂപ്പർഫോസ്ഫേറ്റ് വളം എന്നിവ ഇട്ടുകൊടുക്കുന്നതും നിയന്ത്രണ മാർഗമാണ്.

50 ഗ്രാം തുരിശ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന നിരക്കിൽ കലക്കി കൃഷിയിടത്തിനു ചുറ്റും ഒഴിച്ചുകൊടുത്താൽ ഒച്ചുകൾ കൃഷിയിടത്തിലേക്ക് കടക്കില്ല.

വിളകളിലെ ഒച്ചിന്റെ ആക്രമണം തടുക്കുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് (മൂന്ന് ഗ്രാം / ഒരു ലിറ്റർ) എന്ന നിരക്കിൽ വെള്ളത്തിൽ കലക്കി വിളകളിൽ തളിക്കാം. വെള്ളരിവർഗ പച്ചക്കറികളിലും നെല്ലിലും കോപ്പർ ഓക്സിക്ലോറൈഡ് തളിക്കരുത്.

രാസ കീടനാശിനികൾ

ഒച്ചുകളുടെ എണ്ണം കൂടുതലുള്ള പ്രദേശങ്ങളിൽ മെറ്റൽഡിഹൈഡ് പെല്ലറ്റ് കെണി 2.5 ശതമാനം വീര്യത്തിൽ ഉപയോഗിക്കാം (ഒരു ഏക്കറിന് രണ്ടു കിലോഗ്രാം കണക്കിൽ). പല സ്ഥലങ്ങളിലായി രണ്ട്, മൂന്ന് പെല്ലറ്റ് എന്ന തോതിൽ വച്ചുകൊടുക്കണം. ഉപയോഗിക്കുമ്പോൾ നിർബന്ധമായും കൈയുറ ധരിക്കണം.

വീടിന്റെ പരിസരത്തും പൊതു സ്ഥലങ്ങളിലും ചെയ്യേണ്ട കാര്യങ്ങൾ:

ചപ്പുചവറുകൾ പൊതുസ്ഥലങ്ങളിലും വീട്ടുപരിസരത്തും കൂട്ടിയിടാതിരിക്കാൻ ശ്രദ്ധിക്കുക. ഈർപ്പമുള്ള അടിക്കാടുകൾ വെട്ടുക. പരിസരത്തുള്ള കളകൾ നിയന്ത്രിക്കുക

കിളച്ചിടാൻ പറ്റുന്ന സ്ഥലങ്ങൾ കിളച്ചിട്ട് മണ്ണിനടിയിൽ ഇരിക്കുന്ന ഒച്ചുകളെ നശിപ്പിക്കുക. ഇവയെ പക്ഷികൾ ആഹാരമാക്കും.

ഈർപ്പവും തണലുമുള്ള സ്ഥലങ്ങളിൽ വിവിധ തരത്തിലുള്ള കെണികൾ വച്ച് ഇവയെ ആകർഷിച്ചു നശിപ്പിക്കാം.

എംഎസ്എംഇ ക്ലിനിക്ക് 16ന്

കോട്ടയം: ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ റാംപിന്റെ ഭാഗമായി സംരംഭകർക്കായി സംഘടിപ്പിക്കുന്ന ജില്ലാതല എംഎസ്എംഇ ക്ലിനിക് 16 ന് നടക്കും. രാവിലെ 10ന് കോട്ടയം പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ് ഉദ്ഘാടനം ചെയ്യും.

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ് അധ്യക്ഷത വഹിക്കും. കോട്ടയം കെഎസ്എസ്ഐഎ പ്രസിഡന്റ് കെ. ദിലീപ് കുമാർ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരായ സി.ജി. മിനിമോൾ, മേരി ജോർജ്, എം. പ്രവീൺ, ഉപജില്ലാ വ്യവസായ ഓഫീസർ ലോറൻസ് മാത്യു എന്നിവർ പ്രസംഗിക്കും. ഉദ്യം രജിസ്ട്രേഷനുള്ള ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 സംരംഭകർക്കാണ് പ്രവേശനം. 9446367985.

വനിതാ കമ്മീഷൻ സിറ്റിംഗ്

കോട്ടയം: സംസ്ഥാന വനിതാ കമ്മീഷന്റെ ജില്ലാതല സിറ്റിംഗ് 13ന് രാവിലെ 10 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. പുതിയ പരാതികളും സ്വീകരിക്കും.

റബർ ടാപ്പിംഗും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ജില്ലാ പഞ്ചായത്ത്

കോട്ടയം: മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കു പകരം ഈ മാസം ഒന്നുമുതൽ പ്രാബല്യത്തിൽ വന്ന വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവികാ മിഷൻ (വിബി ഗ്രാംജി) പദ്ധതിയിൽ റബർ ടാപ്പിംഗും ഉൾപ്പെടുത്തണമെന്ന് കോട്ടയം ജില്ലാപഞ്ചായത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർഥിച്ചു.

കൂലി വർധനയും തൊഴിലാളികളുടെ ദൗർലഭ്യവും മൂലം ഇന്ന് ഭൂരിഭാഗം തോട്ടങ്ങളും ടാപ്പ് ചെയ്യാതെ കിടക്കുകയാണ്. പദ്ധതിയുടെ മൂന്നാം കാറ്റഗറിയിൽ ഗ്രാമീണ ജീവനോപാധി പ്രവൃത്തികളുടെ വിഭാഗത്തിൽ ടാപ്പിംഗ് കൂടി ഉൾപ്പെടുത്തിയാൽ റബർ കർഷകർക്ക് ആശ്വാസമാകും. സ്വയം ടാപ്പ് ചെയ്യുന്ന കർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും ഈ പദ്ധതിയിൽപ്പെടുത്തി തൊഴിൽ കാർഡ് ലഭ്യമാക്കിയാൽ പ്രതിവർഷം 125 ദിവസം 401 രൂപ വീതം ലഭിക്കും.

ഇതോടെ റബർ മേഖലയാകെ സജീവമാകും. തോട്ടങ്ങൾ ടാപ്പിംഗില്ലാതെ കാടുകയറിയത് ജില്ലയിലെ ജനങ്ങളുടെ സ്വൈരജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയിലെത്തിയിരിക്കുകയാണ്. റബർ തോട്ടങ്ങൾ വന്യമൃഗങ്ങളുടെ ആവാസകേന്ദ്രങ്ങളായി മാറി. ഇവയുടെ ആക്രമണം മൂലം കാലിവളർത്തൽ പ്രതിസന്ധിയിലായി. മറ്റു കൃഷികളും വന്യമൃഗങ്ങൾ നശിപ്പിക്കുന്നു.

വിബി ഗ്രാംജി പദ്ധതിയിൽ ടാപ്പിംഗ് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് കേന്ദ്ര -കേരള സർക്കാരുകൾക്ക് നിവേദനം നൽകി. എംപിമാർ മുഖേന കേന്ദ്ര സർക്കാരിൽ ഇതിനായി ശക്തമായ സമ്മർദം ചെലുത്തും.

റബർ ബോർഡും വിഷയത്തിൽ അടിയന്തരമായി ഇടപെടണം. വിബി ഗ്രാംജിയിൽ ടാപ്പിംഗ് തൊഴിലിന് അംഗീകാരം നൽകാൻ കേന്ദ്ര സർക്കാർ തയാറായാൽ തൊഴിലാളികളുടെ പരിശീലനവും ഉപകരണങ്ങൾ ലഭ്യമാക്കലുമടക്കം അനുബന്ധ പ്രവർത്തനങ്ങളുടെ സാമ്പത്തിക ചെലവ് അടക്കം ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്ത് തയാറാണെന്ന് പ്രസിഡന്റ് ജോഷി ഫിലിപ്പ് പറഞ്ഞു.

എല്ലാം ശരിയായി... കോട്ടയം ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ഹയർ സെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് ശേഷം ചോദ്യപേപ്പർ ചർച്ച ചെയ്യുന്ന ദമ്പതികളായ സംക്രാന്തി സ്വദേശി സിബി ഫിലിപ്പും സരിഗയും. തുല്യതാ പരീക്ഷാ പരിശീലനത്തിനിടെയാണ് ഇരുവരും പരിചയപ്പെടുന്നതും വിവാഹിതരാവുന്നതും. - അനൂപ് ടോം

ഡിവൈഎഫ്ഐക്ക് പുതുനേതൃത്വം

അർച്ചന സദാശിവൻ പ്രസിഡന്റ്, ടി.എസ്. ശരത് സെക്രട്ടറി

അഖിലേന്ത്യാ പ്രസിഡന്റ് എ.എ. റഹിമിനെതിരേ പൊതുചർച്ചയിൽ വിമർശനം

കോട്ടയം: ഡിവൈഎഫ്ഐക്ക് പുതിയ ജില്ലാ നേതൃത്വം. പാലായിൽ നടന്നുവന്ന ജില്ലാ സമ്മേളനമാണ് പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തത്. 40 വർഷത്തിനു ശേഷം പ്രസിഡന്റായി ഒരു വനിത നേതൃനിരയിലെത്തിയിരിക്കുകയാണ്. അർച്ചന സദാശിവനാണ് പുതിയ പ്രസിഡന്റ്. ടി.എസ്. ശരത് സെക്രട്ടറി. അർച്ചന നിലവിൽ വൈസ് പ്രസിഡന്റായും ശരത് ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിക്കുകയായിരുന്നു.

അർച്ചന സദാശിവൻ

ടി.എസ്. ശരത്

അനീഷ് അന്ത്രയോസാണ് ട്രഷറർ. ബി. ഗൗതം, ജസ്റ്റിൻ ജോസഫ്, എം. എസ്. ദീപക് (വൈസ് പ്രസിഡന്റുമാർ), ആർ. രോഹിത്, എൻ.ആർ. വിഷ്ണു, റിജേഷ് കെ. ബാബു (ജോയിന്റ് സെക്രട്ടറിമാർ), ആനന്ദ് ബാബു, ലിനു കെ. ജോൺ, ഷാമില ഷാജി, അജിൻ കുരുവിള (സെക്രട്ടേറിയറ്റ് അംഗങ്ങൾ) എന്നിവരെയും 43 അംഗ ജില്ലാ കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. പ്രസിഡന്റായിരുന്ന മഹേഷ് ചന്ദ്രനും സെക്രട്ടറി ബി. സുരേഷ്കുമാറും സ്ഥാനമൊഴിഞ്ഞു.

സമ്മേളനത്തിൽ ഇന്നലെ നടന്ന പൊതുചർച്ചയിൽ സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദനും പ്രതിപക്ഷ നേതാവ് പിണറായി വിജയനുമെതിരേ രൂക്ഷവിമർശനമുയർന്നു.

എം.വി. ഗോവിന്ദന്റെ ശരീരഭാഷയും സംസാരവും തെരഞ്ഞെടുപ്പിൽ ദോഷം ചെയ്തു. പാർട്ടി സെക്രട്ടറിയുടെ ഭാര്യയുടെ തളിപ്പറമ്പിലെ സ്ഥാനാർഥിത്വം മലബാർ മേഖലയിലെ പരമ്പരാഗത സീറ്റിൽ പോലും ദോഷം ചെയ്തു.

മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയൻ മത്സരിക്കരുതായിരുന്നു. പ്രതിപക്ഷ നേതൃസ്ഥാനം കെ.എൻ. ബാലഗോപാലിനു നൽകി പിണറായി മാറി നിൽക്കണമായിരുന്നെന്നും പ്രതിനിധികൾ വിമർശിച്ചു. 46 വയസുള്ള എ.എ. റഹിം അഖിലേന്ത്യാ പ്രസിഡന്റായി തുടരുന്നതിനെയും പ്രതിനിധികൾ ചോദ്യം ചെയ്തു.

ചർച്ചകൾക്ക് സംസ്ഥാന വൈസ് പ്രസിഡന്റ് എൻ. ഷാജറും ജില്ലാ സെക്രട്ടറി ബി. സുരേഷ് കുമാറും മറുപടി പറഞ്ഞു. രണ്ടു ദിവസമായി നടന്നുവരുന്ന സമ്മേളനം ഇന്നു യുവജന റാലിയോടെ സമാപിക്കും.

വൈകുന്നേരം നാലിന് കെഎസ്ആർടിസി ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന യുവജനറാലി കൊട്ടാരമറ്റത്ത് സമാപിക്കും. തുടർന്നു നടക്കുന്ന സമ്മേളനം സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റംഗവും ഡിവൈഎഫ്ഐ മുൻ സംസ്ഥാന സെക്രട്ടറിയുമായ എം. സ്വരാജ് ഉദ്ഘാടനം ചെയ്യും.

വാഹനാപകടത്തിൽ യുവതി മരിച്ചു

വൈക്കം: വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ യുവതി മരിച്ചു. വൈക്കം കിഴക്കേനട മാത്തിയിൽ ബൈജുവിന്റെ മകൾ നിരഞ്ജന(22) യാണ് മരിച്ചത്. ഇന്നലെ രാവിലെ 10.15 ഓടെ തൃപ്പൂണിത്തുറ നടക്കാവ് ജംഗ്ഷനു സമീപമായിരുന്നു അപകടം. ബ്യൂട്ടീഷനായ നിരഞ്ജന സ്കൂട്ടറിൽ തൃപ്പൂണിത്തുറയിൽ ജോലി ചെയ്യുന്ന ബ്യൂട്ടി പാർലറിലേക്ക് പോകുന്നതിനിടയിലായിരുന്നു അപകടം. സ്കൂട്ടറിൽ കാറും ഓട്ടോറിക്ഷയും ഇടിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ഇവരെ ഉടൻ സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംസ്കാരം നടത്തി. മാതാവ്: രമ്യ. സഹോദരൻ: നിരഞ്ജൻ.

നെഹ്റുട്രോഫി ഭാഗ്യചിഹ്നം പ്രകാശനം ഇന്ന്

ആലപ്പുഴ: പുന്നമടക്കായലിൽ ഓഗസ്റ്റ് 22ന് നടക്കുന്ന 72-ാമത് നെഹ്റുട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം പ്രകാശനം ഇന്ന് രാവിലെ 11.30ന് കെ.സി. വേണുഗോപാൽ എംപി, ചലച്ചിത്രതാരം ഭാമ എന്നിവർ ചേർന്ന് നിർവഹിക്കും. കളപ്പുര സർക്കാർ അതിഥി മന്ദിരത്തിൽ നടക്കുന്ന പ്രകാശനച്ചടങ്ങിൽ നെഹ്റുട്രോഫി ബോട്ട് റേസ് സൊസൈറ്റി ചെയർമാനും ജില്ലാ കളക്ടറുമായ ഷാജി വി. നായർ അധ്യക്ഷത വഹിക്കും.

എ.ഡി. തോമസ് എംഎൽഎ മുഖ്യാതിഥിയാവും.

ഹാന്റ്ലൂം വൈവിധ്യങ്ങളുമായി കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ ഇനി 3 ദിവസം മാത്രം

വസ്ത്രം ഹാന്റ്ലൂം മേള

കോട്ടയം ശാസ്ത്രി റോഡിലുള്ള ദർശന ഓഡിറ്റോറിയത്തിന്റെ A/c ഹാളിൽ നടക്കുന്ന വസ്ത്രം കൈത്തറി - ആഭരണമേളയിൽ സിൽക്ക്, കോട്ടൺ, ഹാന്റ്ലൂം വസ്ത്രങ്ങളുടെ വിപുലമായ ശ്രേണിയൊരുക്കിയിട്ടുണ്ട്. കൈത്തറി വസ്ത്രങ്ങൾ, സാരികൾ, ഖാദി കുർത്ത, സ്യൂട്ട് പീസുകൾ, ഒഡിഷ സാരികൾ, ബംഗാൾ കോട്ടൺ സാരികൾ എന്നിവയുടെ വൻ ശേഖരവുമുണ്ട്. ബംഗാൾ പ്യൂവർ കോട്ടൺ വസ്ത്രങ്ങൾ, വെസ്റ്റ് ബംഗാൾ കാന്ദ വർക്ക് സാരികൾ, മുൽമുൽ ചന്ദേരി, മധുര സുങ്കുടി, ലേഡീസ് ടോപ്പുകൾ എന്നിവയും മിതമായ നിരക്കിൽ ലഭ്യമാണ്. ഹാന്റ്ലൂം വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്ന കുടുംബിനികൾക്ക് ഇതൊരു മികച്ച അവസരമാണ്. കൂടാതെ ചണ മസ്ലീൻ സാരികൾ, സമ്മാന ഉത്പന്നങ്ങൾ, ഖാദി ഷർട്ടുകൾ, ബെഡ്ഷീറ്റുകൾ, റെഡിമെയ്ഡ് കർട്ടനുകൾ, ജയ്പൂർ സ്റ്റോൺ ജ്വല്ലറികളും ഒരുക്കിയിട്ടുണ്ട്. എല്ലാ പർച്ചേസുകൾക്കും 10% സ്പെഷ്യൽ ഡിസ്കൗണ്ട് നൽകുന്നു. ദിവസവും രാവിലെ 10.30 മുതൽ രാത്രി 9 വരെയാണ് മേള. ജൂലൈ 13ന് സമാപിക്കും. പരസ്യം

C2607-597186

पंजाब नैशनल बैंक punjab national